# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No. CCL 2/2015
(For the Exarchate in USA,
Missions in Canada & Europe)

19.01.2015

**സർക്കുലർ**

**ആർച്ചുബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ജന്മശതാബ്ദി**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദ്വിതീയ അദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ രണ്ടാമത്തെ മെത്രാപ്പീലീത്തൻ ആർച്ചുബിഷപ്പുമായിരുന്ന ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദിയിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. സർവ്വശക്തനായ ദൈവം വന്ദ്യ തിരുമേനിയിലൂടെ നമ്മുടെ സഭയ്ക്കും ദേശത്തിനും നൽകിയ അനുഗ്രഹങ്ങൾക്കും ശ്രേഷ്ഠ നേതൃത്വത്തിനും ദൈവപിതാവിന് നമുക്ക് കൃതജ്ഞതയർപ്പിക്കാം. വന്ദ്യപിതാവിന്റെ 'സ്നേഹം മമദീപം' എന്ന സ്ഫുടം ചെയ്തെടുത്ത ജീവിതക്രമവും ദർശനങ്ങളും നമ്മുടെ ഈ കാലഘട്ടത്തിലും പ്രസക്തമാണെന്നതിനാൽ അവയെ സാംശീകരിക്കുവാനും പകർത്തുവാനും അനേകരിലേക്ക് അത് പ്രസരിപ്പിക്കുവാനും നമുക്ക് ഈ ജനന്മശതാബ്ദിക്കാലം അർത്ഥവത്തായും ഉൽസാഹത്തോടയും പരിശ്രമിക്കാം.

വന്ദ്യപിതാവിന്റെ ജന്മദിനമായ ഫെബ്രുവരി 1 ഞായറാഴ്ച മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ ഇടവകകളിലും ഭാഗ്യസ്മരണാർഹനായ മാർ ഗ്രിഗോറിയോസ് പിതാവിനുവേണ്ടി

വി. കുർബ്ബാന അർപ്പിക്കുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്ത് വന്ദ്യപിതാവിന്റെ ജന്മശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്നതാണ്. ആയതിനാൽ, അന്നേദിവസം അമേരിക്കയിലെ നമ്മുടെ എക്സാർക്കേറ്റിലെയും, കാനഡയിലെയും, യൂറോപ്പിലെയും എല്ലാ ഇടവകകളിലും മിഷ്യൻ കേന്ദ്രങ്ങളിലും ഭാഗ്യസ്മരണാർഹനായ മാർ ഗ്രിഗോറിയോസ് പിതാവിനുവേണ്ടി വി. കുർബ്ബാന അർപ്പിക്കുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്ത് വന്ദ്യപിതാവിന്റെ ജന്മശതാബ്ദി ആഘോഷങ്ങൾക്ക് നമുക്ക് തുടക്കം കുറിക്കാം.

2015 ഫെബ്രുവരി 17-ന് രാവിലെ 9.30-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വന്ദ്യ പിതാവിന്റെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തിയതിനുശേഷം 10 മണിക്ക് പട്ടം സെന്റ് മേരീസ് ആഡിറ്റോറിയത്തിൽ കൂടുന്ന സമ്മേളനത്തിൽ വച്ച് ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം കേരള മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി നിർവ്വഹിക്കുന്നതാണ്. ചടങ്ങിൽ അഭിവന്ദ്യ പിതാക്കന്മാരെ കൂടാതെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരുടെ പങ്കാളിത്തം ഉണ്ടായിരിക്കുന്നതാണ്.

ജന്മശതാബ്ദി ആഘോഷങ്ങൾ ഔദ്യോഗികമായി തുടങ്ങിവയ്ക്കുന്നതിന്റെ പ്രാരംഭമായി മാത്രമാണ് ഫെബ്രുവരി 17-ലെ ഉദ്ഘാടനസമ്മേളനം ക്രമീകരിക്കുന്നത്. സമൂഹത്തിന്റെ എല്ലാ തുറകളിലുള്ളവരെയും സഭയിലെ കൂടുതൽ പ്രതിനിധികളെ യും ചേർത്തുകൊണ്ടുള്ള ജന്മശതാബ്ദി മഹാസമ്മേളനം പിന്നീട് ഉണ്ടായിരിക്കുന്നതാണെന്ന് അറിയിക്കുന്നു. അതിന്റെ വിശദവിവരങ്ങളും കർമ്മപരിപാടികളുടെ വിവരവും പിന്നാലെ അറിയിക്കുന്നതാണ്.

ദൈവം നിങ്ങളെയേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ സ്നേഹപൂർവ്വം,

+Baselios cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ

മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ

N.B.: ഈ സർക്കുലർ 2015 ജനുവരി 25-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിക്കുകയോ പ്രസക്തഭാഗം അറിയിക്കുകയോ ചെയ്യേണ്ടതാണ്.